ഹംപിഹോളി പടിയിറങ്ങി വി.ശ്രീനിവാസ് ദക്ഷിണ നാവികസേനാ മേധാവിയായി ചുമതലയേറ്റു

ദക്ഷിണ നാവികസേനാ മേധാവിയായി വൈസ് അഡ്മിറൽ വി.ശ്രീനിവാസ് എം.എ ഹംപിഹോളിയിൽ നിന്ന് ചുമതലയേൽക്കുന്നു

കൊച്ചി: ദക്ഷിണ നാവിക സേനയുടെ മുപ്പതാമത് ഫ്ളാഗ് ഓഫീസർ കമാണ്ടിംഗ് ഇൻ ചീഫായി വൈസ് അഡ്മിറൽ വി.ശ്രീനിവാസ് ചുമതലയേറ്റു. കൊച്ചിയിൽ നടന്ന സെറിമോണിയൽ പരേഡിൽ അദ്ദേഹം അഭിവാദ്യം സ്വീകരിച്ചു. വൈസ് അഡ്മിറൽ എം.എ ഹംപിഹോളി വിരമിച്ചതിനെ തുടർന്നാണ് ശ്രീനിവാസ് ചുമതലയേറ്റത്. അതി വിശിഷ്ട സേവാ മെഡലും പരംവിശിഷ്ട സേവാ മെഡലും അടക്കം നിരവധി സൈനിക ബഹുമതികൾ നേടിയിട്ടുള്ള ഹംപിഹോളി മുപ്പത്തിയെട്ടര വർഷത്തെ സേവനത്തിനു ശേഷമാണ് നാവിക സേനയിൽ നിന്ന് വിരമിച്ചത്. ദക്ഷിണ നാവികാസ്ഥാനത്ത് നടന്ന ചടങ്ങിൽ അദ്ദേഹത്തിന് ഔദ്യോഗിക യാത്രയയപ്പ് നൽകി.

കൂടുതൽ മേന്മയുള്ളതും സാങ്കേതികാധിഷ്ഠിതവുമായ പരിശീലന പരിപാടികൾക്ക് മുൻതൂക്കം നൽകണമെന്ന് അദ്ദേഹം വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സാങ്കേതിക വിദ്യകൾ പരിവർത്തനം സൃഷ്ടിക്കുന്ന കാലഘട്ടമാണിത്.

നൂതനത്വവും നവീകരണവും ഉണ്ടെങ്കിലേ പരിവർത്തനം സാധ്യമാകൂ. റോബോട്ടുകളും നിർമിത ബുദ്ധിയും ഡാറ്റകളുമാണ് ഇന്ന് ലോകത്തെ നിയന്ത്രിക്കുന്നത്. വാർത്താവിനിമയ രംഗത്ത് 5 ജി വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. യുദ്ധരീതികൾ, ഫയറിംഗ് രീതികൾ എല്ലാം മാറ്റത്തിനു വിധേയമാകുന്നു. മനുഷ്യ സാന്നിധ്യമില്ലാത്ത ഓപ്പറേഷനുകളുടെ കാലമാണിത്. എല്ലാ വെല്ലുവിളികളെയും നേരിടാൻ ഒത്തൊരുമയോടെയുള്ള പൂർണ സമർപ്പണം അനിവാര്യമാണ്. ഉത്സാഹവും ഇച്ഛാശക്തിയുമാണ് എന്നെ മുന്നോട്ട് നയിച്ചത്, ഹംപിഹോളി പറഞ്ഞു.

നാഷണൽ ഡിഫൻസ് അക്കാദമിയിലെ പൂർവ വിദ്യാർഥിയാണ് പുതുതായി ചുമതലയേറ്റെടുത്ത വൈസ് അഡ്മിറൽ വി. ശ്രീനിവാസ്. 1987 ജൂലൈ ഒന്നിനാണ് അദ്ദേഹം നാവികസേനയുടെ ഭാഗമായത്.

ആന്റിസബ്മറൈൻ യുദ്ധവിദഗ്ദനായ അദ്ദേഹം മുൻനിര അന്തർവാഹിനികളായ ഐഎൻഎസ് ഷൽകി, ഐഎൻഎസ് ശിശുമർ, ഐഎൻഎസ് ശങ്കുൽ എന്നിവയിൽ സേവനമനുഷ്ഠിച്ചു. 2009-ൽ നാവിക സേനാ മെഡലും 2021-ൽ അതി വിശിഷ്ട സേവാ മെഡലും അദ്ദേഹത്തിന് ലഭിച്ചു.

അപകടകാരമായി നിന്ന മരം വെട്ടിമാറ്റി

കോതമംഗലം: പൂയംകുട്ടി പൂഞ്ഞാർപടി വെയിറ്റിംഗ് ഷെഡ്ഡിനോട് ചേർന്ന് അപകടകരമാം വിധം ഉണങ്ങി നിന്നിരുന്ന മരം കോടതി ഉത്തരവിനെ തുടർന്ന് വനം വകുപ്പ് വെട്ടിമാറ്റി. കുഞ്ഞുകുട്ടികൾ ഉൾപ്പെടെ ദിവസവും ബസ് കാത്തു നിൽക്കുന്ന ബ്ലാവനയിലെ പൂഞ്ഞാർപടി ബസ്സ് സ്റ്റോപ്പിനു സമീപം ഒരു ഭാഗം ഉണങ്ങിയ നിലയിൽ അപകടകരമായി നിന്നിരുന്ന മരമാണ് വെട്ടിമാറ്റിയത്. കാലങ്ങളായി ആവശ്യപ്പെട്ടിട്ടും വനം വകുപ്പ് നടപടി സ്വീകരിക്കാത്തതിനെ തുടർന്ന് കിഫയുടെ കമ്മ്യൂണിക്കേഷൻ ടീം അംഗം സിന്റൊ ജോൺ വിഷയം കുട്ടമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വനം വകുപ്പ് സ്ഥലം സന്ദർശിച്ച് ഈ മരത്തിന്റെ അപകടാവസ്ഥ നേരിൽ ബോധ്യപ്പെടുകയും ചെയ്തിരുന്നു. തുടർ നടപടികൾ സ്വീകരിക്കാത്തതിനെ തുടർന്ന് വീണ്ടും വിഷയം കോതമംഗലം കോടതിയിൽ എത്തി. മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ നടന്ന താലൂക്ക് തല അദാലത്തിൽ 7 ദിവസത്തിനകം അപകടകരമായ മരം മുറിച്ച് നീക്കി ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ മലയാറ്റൂർ ഡി എഫ് ഒ യോട് ആവശ്യപ്പെടുകയും ചെയ്തു. തുടർന്നാണ് അപകടകാരമായി നിന്ന മരം വനം വകുപ്പ് മുറിച്ച് മാറ്റിയത്.

വീണ്ടും മാലിന്യം തള്ളി

ചലിക്കുന്ന ക്യാമറ സ്ഥാപിക്കാൻ നഗരസഭ

മരട്: കുണ്ടന്നൂർ പാലത്തിന് സമീപം പൊളിച്ച ഹോളി ഫെയ്ത്ത് ഫ്ലാറ്റിനടുത്ത് രാത്രിയുടെ മറവിൽ മാലിന്യം തള്ളി. ഫുഡ് വേസ്റ്റും സാനിറ്ററിപാഡും ഉൾപ്പെടെയുള്ള ദുർഗന്ധം വഹിക്കുന്ന മാലിന്യങ്ങളാണ് ഈ പ്രദേശത്ത് തള്ളിയത്. നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടതോടെ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി മാലിന്യം പരിശോധിച്ചതിനെ തുടർന്ന് അതിൽ കണ്ടെത്തിയ ഇടപ്പള്ളിയിലെ ഹോസ്റ്റൽ അഡ്രസിൽ ബന്ധപ്പെടുകയും മാലിന്യം നീക്കം ചെയ്യാൻ അവർ നിയോഗിച്ച ഏജൻസിയെ കണ്ടെത്തുകയും ചെയ്തു. ഈ ഏജൻസിയെ നഗരസഭയിൽ വിളിച്ചു വരുത്തിയെങ്കിലും നടപടി പേടിച്ച് അവിടെനിന്ന് മുങ്ങുകയായിരുന്നു. തുടർന്ന് നഗരസഭ മരട് പൊലീസ് സ്റ്റേഷനിൽ പരാതി നൽകി. നഗരസഭ ഹെൽത്ത് സൂപ്പർവൈസർ പ്രേംചന്ദ് ജെ എച്ച് ഐ മാരായ ഹുസൈൻ ,ജിഷ ,സ്വപ്ന എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി നഗരസഭാ ചെയർമാൻ ആന്റണി ആശാൻപറമ്പിലിന്റെ അധ്യക്ഷതയിൽ കെ.ബാബു എം.എൽ.എ ചലിക്കും ക്യാമറയുടെ ഉദ്ഘാടനം നിർവ്വഹിക്കും. ആവശ്യാനുസരണം പല സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാവുന്ന ക്യാമറയിൽ നഗര സഭയിലും അതോടൊപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോണിൽ ജി.പി.എസിന്റെ സഹായത്താൽ ക്യാമറ നിരീക്ഷിക്കാനും അതോടൊപ്പം ക്യാമറ മോഷണം പോകുകയോ മറ്റോ സംഭവിച്ചാൽ ക്യാമറ ഏതു ലൊക്കേഷനിലാണെന്ന് കൃത്യമായി മനസ്സിലാക്കാനും കഴിയും.

കുണ്ടന്നൂർ പാലത്തിനു സമീപം തള്ളിയ മാലിന്യം

രാത്രികാലങ്ങളിൽ കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തള്ളുന്നവരെ കണ്ടെത്തി പിഴ അടപ്പിക്കുവാനും പകൽ സമയങ്ങളിൽ ക്യാമറ നഗരസഭയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നിടത്ത് ഘടിപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നഗരസഭയിൽ ഇരുന്ന് നിർമ്മാണ നിരീക്ഷിക്കുവാനും സാധിക്കും.

500 മീറ്റർ അകലത്തിൽ വരെയുള്ള കാഴ്ചകൾ കൃത്യമായി ക്യാമറയിൽ പതിയുന്നതോടൊപ്പം എത്ര വേഗത കൂടിയ വാഹനവും കടന്നുപോയാൽ അതിന്റെ നമ്പർ കൃത്യമായി ക്യാമറയിൽ പതിപ്പിക്കുവാനും കഴിയുന്ന ആധുനിക സജ്ജീകരണങ്ങളോടെയുള്ള ക്യാമറയ്ക്ക് ഒരെണ്ണത്തിന് 4 ലക്ഷം രൂപയാണ് വില വരുന്നത്. ഇന്ന് മുതൽ ചലിക്കുന്ന ക്യാമറകൾ നഗര സഭയിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുമെന്ന് നഗരസഭാ ചെയർമാൻ ആന്റണി ആശാൻപറമ്പിൽ പറഞ്ഞു.

ബോധവത്കരണ സെമിനാർ നടത്തി

വൈക്കം: നാളെയുടെ സമൂഹത്തെ വാർത്തെടുക്കാൻ അമ്മമാരുടെ മാനസികാരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത എന്ന വിഷയത്തിൽ തലയാഴം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ബോധവൽകരണ സെമിനാർ നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ഭൈമി വിജയൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കെ.വി ഉദയപ്പൻ അധ്യക്ഷത വഹിച്ചു.

മെമ്പർമാരായ ഷീജാ ഹരിദാസ്, കെ.ബിനിമോൻ എന്നിവർ പ്രസംഗിച്ചു. മനഃശാസ്ത്ര വിദഗ്ധ സിനി ജിസാന്റോ കണിച്ചേരിൽ സെമിനാർ നയിച്ചു.

വൈക്കം താലൂക്ക് എൻഎസ്എസ് വനിതാ യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ തിരുവാതിര ഉത്സവവും തിരുവാതിര പരിശീലന പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനവും എൻഎസ്എസ് യൂണിയൻ പ്രസിഡന്റ് പി.ജി.എം നായർ കാരിക്കോട് നിർവഹിക്കുന്നു.

മുത്തൂറ്റ് ആൽവിൻസ് അക്കാദമി സന്ദർശിച്ച് ഇന്ത്യൻ ബാഡ്മിന്റൺ കോച്ച്

കൊച്ചി: ഇന്ത്യൻ ഡബിൾസ് ബാഡ്മിന്റൺ ടീം കോച്ച് മത്തിയാസ് ബോ മുത്തൂറ്റ് ആൽവിൻസ് ബാഡ്മിന്റൺ അക്കാദമി സന്ദർശിച്ചു.

കേരളത്തിലെ കായികരംഗം മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്നും അതിന് സർക്കാരിനൊപ്പം സ്വകാര്യ പങ്കാളിത്ത ത്തിലുള്ള സ്ഥാപനങ്ങളും ഒത്തുചേർന്ന് പ്രവർത്തിച്ചാൽ ഇവിടുത്തെ കായികതാരങ്ങൾക്ക് അന്താരാഷ്ട്രതലത്തിൽ എത്താനാകുമെന്നും അദ്ദേഹം പറഞ്ഞു.

മത്തിയാസിന് കീഴിലാണ് ഇന്ത്യൻ ഡബിൾ ബാഡ്മിന്റൺ ടീം ചരിത്രത്തിലാദ്യമായി ലോക ഒന്നാം നമ്പരായത്. 2012ലെ ഒളിംബിക്സിൽ വെള്ളി മെഡൽ ജേതാവാണ് മത്തിയാസ്.

ലോക ചാമ്പ്യൻഷിപ്പിൽ 2013ലും 2014ലും വെള്ളിയും വെങ്കലവും നേടി. 2015ലെ യൂറോപ്യൻ ചാമ്പ്യൻഷിപ്പിലെ സ്വർണ്ണ മെഡൽ ജേതാവാണ് 43കാരനായ മത്തിയാസ്. 2020ൽ വിരമിച്ച ശേഷം 2021ലാണ് ചിരാഗ് ഷെട്ടിയുടെയും സ്വാതിക് സായിരാജ് രംഗറെഡ്ഡിയുടെയും പരിശീലകനായി ഇന്ത്യൻ ടീമിന്റെ കോച്ചായി ചുമതലയേറ്റത്. ഡെൻമാർക്ക് സ്വദേശിയായ മത്തിയാസും കുടുംബവും അവധിക്കാലം ആഘോഷിക്കാനാണ് കേരളത്തിൽ എത്തിയിരിക്കുന്നത്.

മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ തോമസ് മുത്തൂറ്റ്, ആൽവിൻസ് ബാഡ്മിന്റൺ അക്കാദമി മുഖ്യ ഉപദേഷ്ടാവും മുൻ ഇന്ത്യൻ താരവുമായ ആൽവിൻ ഫ്രാൻസിസ്, ഹന്ന മുത്തൂറ്റ് ടങ്ങിയവർക്കൊപ്പമാണ് മത്തിയാസ് അക്കാദമി സന്ദർശിച്ചത്.

സൈനോടെക് സ്ട്രീം ശിശിൽപശാല

ഹരിപ്പാട്: പൊതു വിദ്യാഭ്യാസ വകുപ്പ് എസ്.എസ്.കെ യുടെ ആഭിമുഖ്യത്തിൽ കുസാറ്റുമായി ചേർന്ന് സംഘടിപ്പിക്കുന്ന 'സൈനോടെക് സ്ട്രീം ഫെസ്റ്റ്2.0' ദ്വിദിന നോൺ റെസിഡൻഷ്യൽ ശില്പശാല നടന്നു.

ഹരിപ്പാട് ബി ആർ സി യുടെ പരിധിയിൽ സ്ട്രീം ഹബ് ആയി പ്രവർത്തിച്ച് വരുന്ന ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ.എംഎം. അനസ് അലി ഉദ്ഘാടനം ചെയ്തു. ബി.ആർ.സി ട്രെയിനർ രശ്മി ഭായ് അധ്യക്ഷത വഹിച്ചു. ബി.പി.സി ജൂലി.എസ് ബിനു മുഖ്യ പ്രഭാഷണം നടത്തി. ജി.ബി.എച്ച്.എസ്.എസ് ഹെഡ്മാസ്റ്റർ ശശികുമാർ,ബി. .ആർ .സി ട്രെയിനർ ഹസീന.എസ് പ്രസംഗിച്ചു ഹരിപ്പാട് ഉപജില്ലയിൽപ്പെട്ട വിവിധ ഹൈസ്കൂളുകളിൽ നിന്നുള്ള 30ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

കൃഷിയിടത്തിലിറങ്ങിയ കാട്ടുപന്നിയെ വെടിവച്ചുകൊന്നു

കോതമംഗലം :കീരംപാറ പഞ്ചായത്തിലെ മുട്ടത്തുകണ്ടത്ത് പട്ടാപ്പകൽ കൃഷിയിടത്തിൽ ഇറങ്ങിയ കാട്ടുപന്നിയെ വെടിവച്ചുകൊന്നു. മാടപ്പറമ്പിൽ റോയ് തരകന്റെ പുരയിടത്തിലാണു കഴിഞ്ഞ ദിവസം പന്നി എത്തിയത്. കാട്ടുപന്നി ശല്യം രൂക്ഷമായ പ്രദേശമാണിത്.കീരമ്പാറ പഞ്ചായത്ത് പ്രസിഡന്റ് മാമച്ചൻ ജോസഫും വനപാലകരും സ്ഥലത്തെത്തി വെടിവയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു. ജനവാസ മേഖലയിൽ ശല്യക്കാരായ പന്നികളെ വെടിവയ്ക്കാൻ ലൈസൻസുള്ള വേങ്ങശേരിൽ തോമസ് മാത്യുവാണു പന്നിയെ വെടിവച്ചത്. കീറമ്പാറ പഞ്ചായത്തിൽ വെടിവെച്ചു കൊല്ലുന്ന രണ്ടാമത്തെ കാട്ടുപന്നിയാണിത്. മാനണ്ഡങ്ങൾ പാലിച്ചു പന്നിയുടെ ജഡം മറവു ചെയ്തു.

ഏലൂരിൽ മുട്ടാർ - ഫാക്ട് കവല റോഡ് വികസനത്തിന് പൗരാവലിയുടെ പിന്തുണ

കളമശേരി: ഏലൂരിൽ മുട്ടാർ - ഫാക്ട് കവല റോഡ് വികസനത്തിന് സംസ്ഥാന സർക്കാരിനും മന്ത്രിക്കും പിന്തുണയുമായി ഏലൂർ പൗരാവലിയും. വ്യവസായ മന്ത്രി പി രാജീവിന്റെ നേതൃത്വത്തിൽ നടന്ന ജനകീയ സമിതി യോഗമാണ് വരും കാലത്തെ തിരക്കുകൂടി പരിഗണിച്ച് റോഡ് വികസനം വേണമെന്ന ആവശ്യത്തിന് പിന്തുണ നൽകിയത്. നഗരസഭാ ചെയമാൻ എ ഡി സുജിൽ അധ്യക്ഷനായി.

റോഡ് വികസന പദ്ധതി അംഗീകരിച്ച് കഴിഞ്ഞ സംസ്ഥാന ബജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. തുടർന്ന് പിഡബ്ല്യുഡി റോഡ്സ് വിഭാഗം ട്രാഫിക് സ്റ്റഡി നടത്തി അലൈൻമെന്റ് തയ്യാറാക്കി. പൊതു മരാമത്ത് റോഡ്സ് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ മുഹമ്മദ് ബഷീർ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ചു. 23 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കണമെന്ന നിർദ്ദേശം യോഗം ഒറ്റക്കെട്ടായി അംഗീകരിച്ചു. വ്യാപാരികൾ തങ്ങളുടെ ആശങ്ക അറിയിച്ചെങ്കിലും പൊതു തീരുമാനത്തിന് ഒപ്പം നിന്നു. പുതിയ നിർദ്ദേശമനുസരിച്ച് റോഡ് വികസനം പൂർത്തിയാക്കാൻ 11 ഏക്കറോളം ഭൂമി ഏറ്റെടുക്കേണ്ടി വരും. 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതാണ് പദ്ധതി.

ചേപ്പാട് വന്ദിക പള്ളി റോഡിന്റെ നിർമാണം ഉടൻ ആരംഭിക്കും

ഹരിപ്പാട് : മുതുകുളം - ചേപ്പാട് - ചിങ്ങോലി പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന ചേപ്പാട് - വന്ദികപള്ളി റോഡിന്റെ നിർമാണം ഉടൻ ആരംഭിക്കുമെന്ന് രമേശ് ചെന്നിത്തല എംഎൽ.എ അറിയിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരമാണ് റോഡിന് ഭരണാനുമതി ലഭിച്ചിരുന്നത്. 1.26 കോടി രൂപയായിരുന്നു പദ്ധതി അടങ്കൽ.

മൂന്ന് പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന ഈ റോഡിന്റെ എസ്റ്റിമേറ്റ് എടുക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പഞ്ചായത്ത് തലത്തിൽ ഇല്ല എന്ന കാരണം ഉന്നയിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളൊന്നും തന്നെ ഈ പ്രവർത്തി ഏറ്റെടുക്കാൻ തയ്യാറായിരുന്നില്ല. തുടർന്ന് ഈ പ്രവർത്തി മുതുകുളം ബ്ലോക്ക് പഞ്ചായത്തിനെ ഏൽപ്പിച്ചെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച ബ്ലോക്ക് പഞ്ചായത്തും പിന്മാറി. പിന്നീട് ആലപ്പുഴ ജില്ലാപഞ്ചായത്തിന് ഈ റോഡ് സറണ്ടർ ചെയ്യുകയും, ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയ ശേഷം ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗമാണ് പ്രവർത്തിയുടെ എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ ചെയ്തത്. എന്നാൽ കരാറുകാരൻ 1,32,39,475/- രൂപയാണ് വർക്കിന്റെ നിർവ്വഹണത്തിനായി ക്വാട്ട് ചെയ്തത്. ഈ അധിക നിരക്കിലുള്ള കരാറിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചതോടെ ഇതുമായി ബന്ധപ്പെട്ട തടസ്സം മാറിയതായും നിർമാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയതായും രമേശ് ചെന്നിത്തല അറിയിച്ചു.

വെസ്റ്റ് കോഴിപ്പിള്ളി റസിഡൻസ് അസോസിയേഷൻ വാർഷികം

കോതമംഗലം : വെസ്റ്റ് കോഴിപ്പിള്ളി റസിഡൻസ് അസോസിയേഷൻ വാർഷികാഘോഷം സംഘടിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി കെ ചന്ദ്രശേഖരൻ നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആന്റണി ജോൺ എം എൽ എ ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം ഡയാന നോബി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബേസിൽ യോഹന്നാൻ,ഷജി ബെസി,മുൻ പ്രസിഡന്റ് രാജു ടി എസ്, അസോസിയേഷൻ പ്രസിഡന്റ് ജോസഫ് തോമസ്,സെക്രട്ടറി ബിജു പി ജോൺ, ട്രഷറർ അവരാച്ചൻ കെ ജെ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ആഘോഷത്തോടനുബന്ധിച്ച് ജൂനിയർ മാൻഡ്രേക്കിന്റെ ശിഷ്യൻ പ്രൊഫ.അജോ ആന്റണിയുടെ മാജിക് ഷോയും, കോതമംഗലം സെന്റ് ജോസഫ്സ് കോളെജ് ഓഫ് നഴ്സിംഗ് അസോസിയേറ്റ് പ്രൊഫ. ഷാന്റി ഡേവിസ് നയിക്കുന്ന 'കുടുംബം ഒരു നന്മ മരം 'എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ക്ലാസും സംഘടിപ്പിച്ചു.

ഫോറം മാളിന്റെ മഴവിൽ പാലത്തിന് അനുമതി

മരട്: ഗതാഗത തിരക്ക് നിയന്ത്രിക്കാൻ ഫോറം മാളിന്റെ നിർദിഷ്ട മഴവിൽ പാലത്തിന് എൽഡിഎഫ് കൗൺസിലർമാരുടെ വിയോജിപ്പോടെ നഗരസഭ കൗൺസിൽ യോഗം നിർമാണ അനുമതി നൽകി. പഞ്ചായത്ത് ആയിരുന്ന കാലത്ത് കലുങ്ക് പണിയാൻ അനുമതി ലഭിച്ചിരുന്നെങ്കിലും മാൾ പണി പൂർത്തിയായപ്പോൾ തീരദേശ നിയമം വന്നതോടെയാണ് കലുങ്ക് പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത്. പെട്ടെന്നു നിർമ്മിക്കാവുന്ന സ്റ്റീൽ ഫാബ്രിക്കേറ്റഡ് ആർച്ച് പാലമാണ് പ്രസ്റ്റിജ് ഗ്രൂപ്പ് നിർമിക്കുന്നത്. മാളിന്റെ വശത്ത് 17.5 മീറ്ററും ദേശീയ പാതയിൽ സർവീസ് റോഡ് ഭാഗത്ത് 26.7 മീറ്ററുമായിരിക്കും വീതി. അയിനിത്തോടിനു കുറുകെ നിർമിക്കുന്ന പാലത്തിന് 17 മീറ്ററാണു നീളം. വേലിയേറ്റ സമയത്തെ വെള്ളത്തിന്റെ നിരപ്പ് കണക്കാക്കി 1.4 മീറ്ററാണ് ഉയരം.

എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കുമെന്ന് പ്രസ്റ്റീജ് ഗ്രൂപ്പ് അധികൃതർ പറഞ്ഞു. സർവീസ് റോഡ് ഭാഗത്ത് 7 പൈലുകൾ അടിക്കേണ്ടതുണ്ട്. മാളിന്റെ ഭാഗത്തെ പൈലിങ്ങ് നേരത്തേ കഴിഞ്ഞതാണ്. പാലം യാഥാർഥ്യമാകുന്നതോടെ മാളിലേക്കുള്ള ഗതാഗതം സുമഗമാകുന്നതിനൊപ്പം മേഖലയിലെ ഗതാഗത കുരുക്കിനും ശമനമാകും.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ് ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ ഹൗസ്,ഓഫീസ് റോഡ്, അഹമ്മദാബാദ്- കുജറാത്ത് സ്റ്റേറ്റ്, അഹമ്മദാബാദ് ഇന്ത്യ, ഗുജറാത്ത്- 400059, ഇന്ത്യ.

ശാഖ ഓഫീസ് വണ്ടൂർ ഹാൾ ബിൽഡിങ്, രണ്ടാം നില, വൈസ്കോ ഹോംസ്, കണ്ണങ്കിക്കുഴി, കോട്ടയം- 686004

ഫ്രൊവിസോ വുൾ ഒടു കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷൽ അസറ്റ് ആൻഡ് എൻഫോഴ്സിങ്ങിന്റെ ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സിങ്ങിന്റെ റൂൾ, ഫ്രൊവിസോ റൂൾ 8(6) പ്രകാരം താഴെ വിവരിക്കുന്ന വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്

നിയമ കരണ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാരെ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പ്രതികാരക്കേട് ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത് ' 'എന്തൊണോ ഉള്ളത് ' 'എങ്ങനെയാണോ ഉള്ളത് അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിങ്ങനെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ എങ്കിലും വിലയിരുത്തലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	സുനിൽ പി ജെ (വായ്പ്പക്കാരൻ) സുജി ഗണ്ണു (സഹ വായ്പ്പക്കാരൻ) Loan Account No. NHKOM00000835703 & NHKOM00000835702	റി സർവ്വേ നമ്പർ 25, ബ്ലോക്ക് നമ്പർ 189, ചങ്ങനാശ്ശേരി വില്ലേജ്, ചങ്ങനാശ്ശേരി താലൂക്ക്, സർവ്വേ നമ്പർ 25 , കോട്ടയം, കേരളം	Rs. 67,53,084/- December 15, 2023	Rs. 62,70,566/- / Rs. 6,27,060/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ് ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ ഹൗസ്,ഓഫീസ് റോഡ്, അഹമ്മദാബാദ്- കുജറാത്ത് സ്റ്റേറ്റ്, അഹമ്മദാബാദ് ഇന്ത്യ, ഗുജറാത്ത്- 400059, ഇന്ത്യ.

ശാഖ ഓഫീസ് വണ്ടൂർ ഹാൾ ബിൽഡിങ്, രണ്ടാം നില, വൈസ്കോ ഹോംസ്, കണ്ണങ്കിക്കുഴി, കോട്ടയം- 686004

ഫ്രൊവിസോ വുൾ ഒടു കാണുക

സ്ഥാവരവസ്തുവിന്റെ